LIBRARY ARCHIVES Kerala Legislative Assembly

കോരായിക്കടവ് പാലം നിർമ്മാണം

76(4086) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരായിക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽനിന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ?

ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിൽക്കടവ് പാലം നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ബി) എത്ര സ്പാനുകളായാണ് പ്രസ്തുത പാലം നിർമ്മിക്കാനുദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

26 മീറ്ററിന്റെ 4 സ്പാനുകളും 26.575 മീറ്ററിന്റെ 2 സ്പാനുകളും 25.625 മീറ്ററിന്റെ 2 സ്പാനുകളും 55 മീറ്ററിന്റെ ഒരു സ്പാനും ഉൾക്കൊള്ളുന്ന 265.05 മീറ്റർ നീളമുള്ള പാലമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പാലത്തിന്റെ ഭൂമിയേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ, സാമ്പത്തികാനുമതി തുകയിൽ നീക്കിവയ്ക്കപ്പെട്ടിട്ടുള്ളതാണ്. 1,69,690 രൂപ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി കിഫ്ബി എൽ.എ. തഹസീൽദാർ 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.

കല്ലാച്ചേരി കടവ് പാലം നിർമ്മാണം

77(4087) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരിയേയും കുത്തുപറമ്പ് മണ്ഡലത്തിലെ കടവത്തൂരിനേയും ബന്ധിപ്പിക്കുന്ന കല്ലാച്ചേരി കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?